പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **4107** **16.03.2017**-ൽ മറുപടിക്ക്

**മൃഗശാലകളിൽ ജലക്ഷാമം നേരിടാൻ നടപടി**

ചോദ്യം

ശ്രീ. ഡി.കെ.മുരളി

മറുപടി

ശ്രീ. കെ.രാജു

( ബഹു.വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | കടുത്ത വരൾച്ചയും ജലക്ഷാമവും നേരിടാൻ കേരളത്തിലെ മൃഗശാലകളിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ; | (എ) | തിരുവനന്തപുരം മൃഗശാലയിൽ വാട്ടർ റീ സൈക്ലിംഗ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. ഇതുവഴി ലഭ്യമാകുന്ന ജലമാണ് മൃഗശാലയിലെ ഗാർഡൻ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു വരുന്നത്. മൃഗശാലയിൽ നിലവിൽ വെള്ളം ശേഖരിച്ചു വയ്ക്കാൻ സൗകര്യമില്ലാത്ത കൂടുകളിൽ ആവശ്യത്തിന് ശുദ്ധജലം സൂക്ഷിക്കാനുതകുന്ന തരത്തിൽ ടാങ്കുകൾ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൃഗശാലയ്ക്കുള്ളിലെ കുളത്തിൽ നിന്നുള്ള വെള്ളം മൃഗങ്ങളുടെ കൂടുകൾ കഴുകുവാനും നിലവിൽ ഉപയോഗിച്ചു വരുന്നു. കാലാവസ്ഥയിലെ വ്യത്യാസം നേരിടുന്നതിനായി മൃഗശാലയിലെ മൃഗങ്ങൾക്ക് ഉഷ്ണമകറ്റുന്നതിനായി ഫാനുകൾ സ്ഥാപിയ്ക്കുകയും, മാംസഭോജികളെ രണ്ടുനേരം കുളിപ്പിക്കുകയും, മൃഗങ്ങൾക്ക് ഇടയ്ക്കിടയ്ക്ക് ജലം സ്പ്രേ ചെയ്തു നൽകുകയും ഉഷ്ണമകറ്റുന്നതിനു വേണ്ട ഭക്ഷണ പദാർത്ഥങ്ങളും മരുന്നുകളും നൽകുകയും ചെയ്യുന്നുണ്ട്.<br>തൃശ്ശൂർ മൃഗശാലയിൽ ആവശ്യത്തിന് ജല ലഭ്യത ഉള്ളതിനാൽ ജലക്ഷാമം അനുഭവപ്പെട്ടിട്ടില്ല |
| (ബി) | കാലാവസ്ഥയിലെ വ്യത്യാസം കാരണം മൃഗങ്ങൾക്ക് എന്തെങ്കിലും അസുഖം ബാധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കുമോ ? | (സി) യും | |

സെക്ഷൻ ഓഫീസർ